## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T. 5434** — **28.7.2015-ൽ മറുപടിക്ക്**

## പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ ഉപേക്ഷിക്കുന്നവർക്കെതിരെ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എൻ.എ.ഖാദർ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും)<br>വകുപ്പു മന്ത്രി) |
| (എ) പൊതുസ്ഥലങ്ങൾ വൃത്തികേടാക്കുന്നത് തടയുന്നതിന് പ്രത്യേക നിയമം നിലവിലുണ്ടോ; എങ്കിൽ പൊതു നിരത്തുകളും മറ്റ് പൊതുസ്ഥലങ്ങളും വൃത്തികേടാക്കുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; | (എ) 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 340 പ്രകാരവും 1994 ലെ കേരള പഞ്ചായത്ത് നിയമം സെക്ഷൻ 219 എൻ പ്രകാരവും പൊതുസ്ഥലങ്ങളിലും നിരത്തുകളിലും മാലിന്യം വലിച്ചെറിയുന്നത് നിരോധിച്ചിട്ടുണ്ട്. സ.ഉ(കൈ) നം.176/2015/തസ്വഭവ, തീയതി.26.05.2015 പ്രകാരം മാലിന്യം നിയമവിധേയമല്ലാതെ നിക്ഷേപിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) വീടുകളിലെയും ഫ്ളാറ്റുകളിലെയും മറ്റ് വ്യാപാര സ്ഥാപനങ്ങളിലെയും മാലിന്യങ്ങൾ വാഹനങ്ങളിൽ കൊണ്ട്വന്ന് നിരത്തുകളിലും മറ്റ് പൊതുസ്ഥലങ്ങളിലും ഉപേക്ഷിക്കുന്നവർക്കെതിരെ നിലവിൽ ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് നടപടി സ്വീകരിക്കുന്നത്;<br><br>(സി) മാലിന്യം വലിച്ചെറിയുന്നവർക്കെതിരെയും പരിസ്ഥിതിയ്ക്ക് ഹാനികരമായ പ്ലാസ്റ്റിക് ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുകയും വിപണനം ചെയ്യുകയും ചെയ്യുന്നവർക്കെതിരെയും ശക്തമായ നടപടികൾ സ്വീകരിക്കുമോ? | (ബി) & (സി) 1994 ലെ കേരളമുനിസിപ്പാലിറ്റി ആക്ട്, കേരള പഞ്ചായത്തീരാജ് ആക്ട് എന്നിവ പ്രകാരം വീടുകളിലെയും ഫ്ളാറ്റുകളിലെയും മറ്റ് വ്യാപാരസ്ഥാപനങ്ങളിലെയും മാലിന്യങ്ങൾ വാഹനങ്ങളിൽ കൊണ്ടു വന്ന് നിരത്തുകളിലും പൊതുസ്ഥലങ്ങളിലും ഉപേക്ഷിക്കുന്നവർക്കെതിരെ നടപടിയെടുക്കേണ്ടത് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. മിക്ക നഗരസഭകളും ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ